**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2290** **16.08.2017 ൽ മറുപടിയ്ക്ക്**

## ചെറുവള്ളി എസ്റ്റേറ്റിലെ ഭൂമിയിന്മേൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അവകാശവാദം

| ചോദ്യം<br>**ശ്രീ.പി.സി.ജോർജ്ജ്** | | മറുപടി<br>**ശ്രീ.കെ.രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | ശബരിമല വിമാനത്താവളത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റിലെ 100 ഏക്കർ ഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേതാണെന്ന് ബോർഡ് പ്രസിഡന്റ് അവകാശപ്പെട്ടിട്ടുള്ളതായുള്ള 22-07-2017 ലെ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് ദേവസ്വം ബോർഡുൾപ്പെട്ട എന്തെങ്കിലും കേസ് നിലവിൽ ഉണ്ടോ; | (ബി) | ശബരിമല വിമാനത്താവളത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റിന്റെ അവകാശം സംബന്ധിച്ച് കേരളാ സർക്കാർ പാലാ സബ് കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.എസ്.നമ്പർ 72/2019 കേസിൽ കക്ഷി ചേരുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഐ.എ 30/2020 ആയി ഹർജി |

| | | | |
|---|---|---|---|
| | | | നൽകുകയും ആയത് തള്ളിയ ഉത്തരവിനെതിരെ ദേവസ്വം ബോർഡ് ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത സി.ആർ.പി. നമ്പർ 235/2022 കേസിൽ നൽകിയ ഐ.എ 1/2022 പെറ്റീഷനിൽ ദേവസ്വം ബോർഡിന്റെയും സർക്കാരിന്റെയും വാദം കേട്ട് പാലാ സബ് കോടതിയിലെ ഒ.എസ്. 72/2019 കേസിലെ എല്ലാ തുടർനടപടികളും നിർത്തിവയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും ടി കേസുകൾ കൂടാതെ 2017 കാലയളവിൽ മറ്റ് കേസുകളൊന്നും നിലവിലുണ്ടായിരുന്നില്ല എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ, നിയമാനുസൃതമല്ലാത്ത കാര്യങ്ങൾ ഉന്നയിച്ച് വിമാനത്താവളം വരുന്നത് ഇല്ലായ്മ ചെയ്യാൻ നടത്തുന്ന അനാവശ്യ പ്രസ്താവനയാണോ ഇതെന്ന് പരിശോധിയ്ക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | ചോദ്യം ഉദിക്കുന്നില്ല |

**സെക്ഷൻ ഓഫീസർ**